**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ വീട് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 2013 മുതൽ 2016 വരെ വകുപ്പ് വഴി ഭവന പുനരുദ്ധാരണ ധനസഹായം നൽകിയിരുന്നു. നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ സ്വന്തമായോ വിവിധ വകുപ്പുകൾ മുഖേനയോ ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാനാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിന് ഭവന പൂർത്തീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 മുതൽ ധനസഹായം അനുവദിച്ചു വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കേടുപാടുകൾ സംഭവിച്ച വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 1.50 ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം 2603 പേർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | പത്ത് വർഷത്തിനുള്ളിൽ പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച് നൽകിയ ഭവനനിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും വീട് നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | ഭവന നിർമ്മാണത്തിനുള്ള ധനസഹായതുക പൂർണ്ണമായും കൈപ്പറ്റികഴിഞ്ഞിട്ടും പൂർത്തീകരിക്കാനാകാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പൂർത്തീകരണത്തിനായി പരമാവധി 1.50 ലക്ഷം രൂപ വരെ അനുവദിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2020-21 ൽ 9564 പേർക്ക് ധനസഹായം അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം 5000 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ പട്ടികജാതി കുടുംബങ്ങൾക്ക് | (സി) | ലൈഫ് മിഷന്റെ അർഹതാ പട്ടികയിൽ ഉൾപ്പെടാതെപോയതും എന്നാൽ ഭവന നിർമ്മാണ ധനസഹായത്തിന് അർഹരായ പട്ടികജാതി വിഭാഗക്കാരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | ഭവനനിർമ്മാണത്തിനായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | ആനുകൂല്യം അനുവദിക്കുന്നതിനായി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി 36399 ഭൂരഹിത ഭവനരഹിതരുടെയും ശോച്യമായ ഭവനങ്ങളിൽ താമസിക്കുന്നവരുൾപ്പെടെ 49105 ഭൂമിയുള്ള ഭവനരഹിതരുടെയും പട്ടിക വകുപ്പ് തയ്യാറാക്കി ലൈഫ് മിഷന് കൈമാറുകയും ചെയ്തിരുന്നു. ആയതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അർഹത പരിശോധിച്ച് 21859 ഭൂരഹിത ഭവനരഹിതരെയും 35277 ഭൂമിയുള്ള ഭവനരഹിതരെയും ലൈഫ് മിഷന്റെ അഡീഷണൽ ലിസ്റ്റായി ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. ഭൂമിയുള്ള ഭവനരഹിതരിൽ 14248 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 1498 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരുടെ അഡീഷ്ണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഭൂമി ലഭ്യമായ 268 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ